**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6517** **10-11-2021 - ൽ മറുപടിയ്ക്ക്**

**തുറമുഖ വകുപ്പിന് കീഴിൽ നടത്തിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കോവളം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം തുറമുഖ വകുപ്പിന് കീഴിൽ നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | കോവളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷക്കാലം കേരള മാരിടൈം ബോർഡിനു കീഴിൽ നടത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. വിഴിഞ്ഞം തുറമുഖവികസനവുമായി ബന്ധപ്പെട്ട് സീവേർഡ് വാർഫിലേക്കുള്ള സഞ്ചാര സൗകര്യത്തിന് ഹാർബർ റോഡ് ആഴാകുളം മുതൽ ഹാർബർ വരെ നടപ്പാതയോടുകൂടി നവീകരിച്ചു. 2. വിഴിഞ്ഞം ലീവേർഡ് വാർഫിലേക്കുള്ള സഞ്ചാര സൗകര്യത്തിന് വിഴിഞ്ഞം ജംഗ്ഷൻ മുതൽ ലീവേർഡ് വാർഫ് വരെ റോഡ് നവീകരിച്ചു. 3. ലീവേർഡ് വാർഫിലേക്ക് കുടിവെള്ളം എത്തിക്കു ന്നതിന് കേരള വാട്ടർ അതോറിറ്റി മുഖേന പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിച്ചു. കൂടാതെ പൊതുജനങ്ങൾക്കായി രണ്ട് പബ്ലിക് ടാപ്പുകൾ വാർഫിന് പുറത്ത് സ്ഥാപിച്ചു. 4. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ചുമായി ബന്ധപ്പെട്ട് ക്രൂ ചേഞ്ച് ഫെസിലിറ്റേഷൻ സെന്റർ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. 5. കോവളം നിയോജക മണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന മറ്റൊരു സുപ്രധാന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. പ്രസ്തുത പദ്ധതി നിർവ്വഹണം പുരോഗമിച്ചുവരുന്നു. പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യ വികസനം, പൊതുജനാരോഗ്യം, സുസ്ഥിര ഉപജീവന വികസന - തൊഴിൽ നൈപുണ്യ പരിശീലനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സർക്കാരും കരാർ കമ്പനിയും ചേർന്ന് സാമൂഹ്യപ്രതിബദ്ധതാ പ്രവർത്തന ങ്ങൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ